പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4645 | 29.06.2012 ൽ മറുപടിയ്ക്ക്

കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കടക്കെണിയിൽ പെടാതിരിക്കാൻ കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കടക്കെണിയിൽ പെടാതിരിക്കാൻ കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനായി 2012-13 വർഷത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ ചുവടെ ചേർക്കുന്നു. |

**I പച്ചക്കറി കൃഷി**

a) കർഷകർ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, കുടുംബശ്രീ, ജനശ്രീ, റസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവരെ സഹകരിപ്പിച്ച്കൊണ്ട് ഒരു അതിബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതാണ്.

b) ഹൈടെക് കൃഷി രീതി ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി വ്യാപനം.

**II നെൽകൃഷി**

a) 1.75 ലക്ഷം ഹെക്ടർ പ്രദേശത്ത് നെല്ലിന് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 4000/- രൂപ നിരക്കിൽ ധനസഹായം.

b) നെൽ കൃഷിക്കാരുടെ വരുമാന വർദ്ധനവിനായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രത്സാഹനത്തിനായി റൈസ് പാർക്കുകൾ സ്ഥാപിക്കും.

c) സുഗന്ധ നെല്ലിനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം.

**III തെങ്ങ് കൃഷി**

a) 25000 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് നാളീകേര വികസന പരിപാടി.

b)മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതി നായി 3 നാളീകേര ബയോപാർക്കുകൾ.

**IV പയർ-കിഴങ്ങു വർഗ്ഗങ്ങൾ**

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 1.5 കോടി രൂപ ചെലവിൽ പയർ കിഴങ്ങുവർഗ്ഗ വികസന പരിപാടി.

**V സുഗന്ധവിള പദ്ധതി**

കുരുമുളക് , ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ

പ്രോത്സാഹനത്തിനായി 19.00 കോടി രൂപയുടെ പദ്ധതി.

**VI ജൈവ കൃഷി**

ജൈവ കൃഷി പ്രോത്സാഹനത്തിനായി 10.00 കോടി രൂപയുടെ പദ്ധതി.

**VII കാർഷിക സേവന കേന്ദ്രങ്ങൾ**

യന്ത്രവൽക്കരണത്തിന് ഊന്നൽ നൽകി കർഷകർക്ക് യഥാസമയം വിത്തു മുതൽ വിപണിവരെയുള്ള എല്ലാ സേവനങ്ങളും ഉറപ്പു വരുത്തുന്നതിലേയ്ക്കായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ.

**VIII നിറവ് പദ്ധതി**

12 നിയോജക മണ്ഡലങ്ങളിൽ തുടക്കം കുറിച്ച് നിറവ് പദ്ധതി.

**IX മൂല്യവർദ്ധനവ്**

സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും സംസ്കരണവും വ്യാപിപ്പിക്കുന്നതിലേയ്ക്കായി 15.00 കോടി രൂപയുടെ പദ്ധതി.

**X കൃഷിയിടങ്ങളിലെ സന്ദർശനം**

കൃഷി ആഫീസർമാർ കൂടുതൽ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുന്നതിനായി ഇരുചക്ര വാഹനം നൽകുന്നതാണ്.

**XI കർഷക രജിസ്ട്രേഷൻ**

സംസ്ഥാനത്തെ മൊത്തം കൃഷിക്കാർക്ക് രജിസ്ട്രേഷനും കർഷകർക്കുള്ള ധനസഹായം ബാങ്ക് വഴി നൽകുന്നതിനുമുള്ള നടപടി.

**XII മൊബൈൽ അധിഷ്ഠിത സന്ദേശ പദ്ധതി**

കാർഷിക മേഖലയിൽ വിജ്ഞാന സമ്പാദനത്തിനും വിജ്ഞാന വ്യാപനത്തിനുമായി വിഷു ദിനത്തിൽ കൃഷി വകുപ്പ് മൊബൈൽ ഗവേർണൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങി.

**XIII അഗ്രി സൂപ്പർ മാളുകൾ**

ആനയറ, മരട്, വേങ്ങേരി എന്നീ മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർ മാളുകളായി ഉയർത്തും.

**XIV പൈനാപ്പിൾ മിഷൻ**

കൈതച്ചക്കയുടെ കയറ്റുമതി സാദ്ധ്യത പരിഗണിച്ച് പൈനാപ്പിൾ മിഷൻ ആരംഭിക്കും.

സെക്ഷൻ ഓഫീസർ